⇨ ഏഴു വർഷം വരെ തടവിലിടാവുന്ന കുറ്റമാണ് മസ്രത്ത് സഹ്‌റയ്‌ക്കെതിരെ ചുമത്തപ്പെട്ടിരിക്കുന്നത് ⇨

# കശ്മീർ ഫോട്ടോ ജേർണലിസ്റ്റ് മസ്രത്ത് സഹ്‌റയ്‌ക്കെതിരെ യു.എ.പി.എ



**ഫേസ്ബുക്കിൽ** ചിത്രങ്ങൾ പോസ്റ്റ് ചെയ്തതിന്റെ പേരിൽ കശ്മീരി വനിതാ മാദ്ധ്യമ ഫോട്ടോഗ്രഫറായ മസ്രത്ത് സഹ്‌റയ്‌ക്കെതിരെ യു.എ.പി.എ ചുമത്തി കേസെടുത്തതിൽ പലകോണുകളിൽ നിന്നും പ്രതിഷേധം ഉയരുന്നു. 'മസ്രത്ത് സഹ്' എന്ന ഫേസ്ബുക്ക് ഉപയോക്താവ് 'ക്രിമിനൽ ഉദ്ദേശ്യത്തോടെ ദേശവിരുദ്ധ പോസ്റ്റുകൾ അപ്‌ലോഡ് ചെയ്യുന്നുണ്ടെന്ന് വിശ്വസനീയമായ ഉറവിടങ്ങളിലൂടെ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപടി' എന്നാണ് പോലീസിന്റെ വിശദീകരണം. യു.എ.പി.എ ചുമത്തിയ കേസുകൾ ദേശീയ അന്വേഷണ ഏജൻസി(എൻ.ഐ.എ)യ്ക്ക് അന്വേഷിക്കാൻ അധികാരം നൽകുന്ന നിയമഭേദഗതി കേന്ദ്ര സർക്കാർ ഈയിടെ കൊണ്ടുവന്നതിനാൽ ഏഴു വർഷം വരെ തടവിലിടാവുന്ന കുറ്റമാണ് മസ്രത്ത് സഹ്‌റയ്‌ക്കെതിരെ ചുമത്തപ്പെട്ടിരിക്കുന്നത്. പോലീസും സർക്കാരും കശ്മീരിലെ മാധ്യമപ്രവർത്തകരുടെ ശബ്ദം കവർന്നെടുക്കാൻ ശ്രമിക്കുകയാണെന്നും, താൻ ഒരു മാദ്ധ്യമ ഫോട്ടോഗ്രഫറാണെന്ന് പോലീസ് ഒരിടത്തും പരാമർശിച്ചിട്ടില്ലെന്നും സഹ്‌റ പ്രതികരിച്ചു. വർഷങ്ങളായി കശ്മീരിൽ നിന്നും ഫോട്ടോകൾ പ്രസിദ്ധീകരിക്കുന്ന തനിക്കെതിരെ ഇതുവരെ ഒരു കുറ്റം ചുമത്തിയിട്ടില്ലെന്നും ഇതിനകം തന്നെ വിവിധ ഇന്ത്യൻ, അന്താരാഷ്ട്ര സംഘടനകൾ പ്രസിദ്ധീകരിച്ച തന്റെ ആർക്കൈവൽ ചിത്രങ്ങൾ സാമൂഹിക മാദ്ധ്യമങ്ങളിലൂടെ പോസ്റ്റ് ചെയ്തതിനാണ് കേസെടുത്തതെന്നും സഹ് പറയുന്നു. വാഷിങ്ടൺ പോസ്റ്റ്, ദി ന്യൂ ഹ്യൂമാനിറ്റേറിയൻ, ടി.ആർ.ടി വേൾഡ്, അൽ-ജസീറ, ദി കാരവൻ തുടങ്ങി നിരവധി പ്രസിദ്ധീകരണങ്ങൾ സഹ്‌യുടെ ചിത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഹ്‌റയ്ക്കുമേൽ യു.എ.പി.എ ചുമിത്തിയ നടപടിക്കെതിരെ കാശ്മീരിലെ മാധ്യമപ്രവർത്തകർ ശക്തമായ പ്രതിഷേധവുമായി രംഗത്തുവന്നിട്ടുണ്ട്. കശ്മീർ പ്രസ് ക്ലബ്ബ് പ്രസിദ്ധീകരിച്ച പ്രസ്താവനയിൽ ആഭ്യന്തരമന്ത്രി അമിത് ഷാ വിഷയത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടു. മസ്രത്ത് സഹ്‌റയ്ക്കെതിരായി നടപടിൽ പ്രതിഷേധിച്ച പ്രമുഖ മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ജൗഹർ ഗീലാനിക്കെതിരെയും തൊട്ടടുത്ത ദിവസം തന്നെ യു.എ.പി.എ പ്രകാരം കേസെടുക്കുകയുണ്ടായി. ■




പെല്ലറ്റ് ആക്രമണത്തിൽ പരിക്കേറ്റയാളുടെ ചിത്രം മസ്രത്ത് സഹ്‌റ പകർത്തിയത്